**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **08-02-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കോളേജുകൾക്ക് റൂസ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ; | (എ) | റൂസ രണ്ടാം ഘട്ട പദ്ധതിയിൽ നിർമ്മാണ/ പുനരുദ്ധാരണ/പർച്ചേസ് പ്രവർത്തികൾ ക്കായി രണ്ടു കോടി രൂപ വീതമാണ് പദ്ധതി അടങ്കൽ ആയി കോളേജുകൾക്ക് അനുവദിക്കുന്നത്. മൂന്ന് ഗഡുക്കളായിട്ടാണ് തുക അനുവദിക്കുന്നത്. അനുവദിച്ച ഗഡുവിലെ തുകയുടെ 75% വിനിയോഗിച്ചാൽ മാത്രമേ തുടർന്നുള്ള ഗഡു അനുവദിക്കുകയുള്ളൂ. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിട്ടുള്ള നാല്പ കോളേജുകൾക്ക് റൂസ പദ്ധതിയിൽ ആദ്യ ഗഡുവായ ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><br>1. എസ്. ബി. കോളേജ്<br><br>2. എൻ.എസ്.എസ് ഹിന്ദു കോളേജ്.<br><br>3.എൻ.എസ്. എസ് ട്രെയിനിംഗ് കോളേജ്<br><br>4. അസംപ്ഷൻ കോളേജ്<br><br>ഇതിൽ എൻ.എസ്.എസ്.ട്രെയിനിംഗ് കോളേജിന് മുൻസിപ്പാലിറ്റിയുടെ നിർമ്മാണാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ 38% മാത്രമേ ഫണ്ടിനത്തിൽ വിനിയോഗിച്ചിട്ടുള്ളൂ. ദ്രുതഗതിയിൽ പ്രവൃത്തി നടന്നുകൊണ്ടിരുന്ന മറ്റു 3 സ്ഥാപനങ്ങൾക്കും ഒരു കോടിയ്ക്കു പുറമേ അധിക തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എൻ. എസ്. എസ് ട്രെയിനിംഗ് കോളേജ് ഒഴികെ ബാക്കി 3 സ്ഥാപനങ്ങൾക്കും ഉയർന്ന വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 50 ലക്ഷം രൂപ വീതം അനുവദിച്ച് G.O (Rt) No.153/2023/HEDN dated 01.02.2023 പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം പ്രസ്തുത 3 സ്ഥാപനങ്ങൾക്കും ആകെ ഒന്നരക്കോടി രൂപ വീതം റൂസ ഫണ്ടിനത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ